## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.905

10.06.2019-ൽ മറുപടിയ്ക്ക്.

### കൽപ്പറ്റ മണ്ഡലത്തിലെ വന്യമൃഗശല്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കെ.ശശീന്ദ്രൻ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും<br>വകുപ്പുമന്ത്രി) |
| എ) കൽപ്പറ്റ മണ്ഡലത്തിൽ വന്യമൃഗശല്യം നേരിടുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) കല്പറ്റ മണ്ഡലത്തിലെ മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പൂളക്കുന്ന്-എളമ്പിലേരി, കനേഡിയൻകുന്ന്-വട്ടകുണ്ട്, ചോലമല-ചുളുക്ക, ചുളുക്ക-അരണമല, നീലിമല-മീൻമുട്ടി, ലക്കിടി-അരുണഗിരി, കടച്ചിക്കുന്ന്-കോടശേരി, വടവെട്ടികുന്ന്-പുഞ്ചക്കാട്, എളമ്പിലേരി-ചോലമല, കടച്ചക്കുന്ന്-പാൽച്ചുരം, പുഞ്ചിരിമറ്റം-മുണ്ടക്കൈ, ഏലമല-പുഞ്ചിരിമറ്റം (മേപ്പാടി റെയിഞ്ച്) , അയിമ്പത് ഏക്കർ - ആനപന്തി ഭാഗം, ആനപ്പാടി-അംബ സി ബ്ലോക്ക്, അംബ സി ബ്ലോക്ക്-6-ാം യൂണിറ്റ് (കൽപ്പറ്റ റെയിഞ്ച്) എന്നിവിടങ്ങളിൽ സൗരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്.<br><br>ഏറാട്ടുകുണ്ട് കോളനി ഭാഗം, പരപ്പൻപാറ കോളനി ഭാഗം, സൺറൈസ് വാലി ശേഖരൻകുണ്ട് ഭാഗം, ചോലാടി മീൻമുട്ടി ഭാഗം, പാറത്തോട് ഉതിരഞ്ചേരി ഭാഗം, തരിയോട് എട്ടാം മൈൽ ഭാഗം, കുന്നംപുറം കാപ്പിക്കാട് പള്ളിയാറപ്പൊയിൽ ഭാഗം, കാപ്പിക്കളം |

കുറ്റിയാം വയൽ ഭാഗം, കുറിച്ചിയാർമല റാട്ടപ്പുഴ കറുകൻ തോട് 3 0 ഏക്ര ഭാഗം, തരിയോട് പത്താം മൈൽ കുന്നമ്പുറം ഭാഗം, പാറത്തോട് സ്റ്റേട്ട് കുന്ന് ഭാഗം, കുറ്റ്യാം വയൽ കാപ്പിക്കളം ഭാഗം എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ കമ്പിവേലിയുടെ അറ്റകുറ്റ പ്പണികൾ നടത്തിയിട്ടുണ്ട്.

കരിങ്കണ്ണി ആന്റിപോച്ചിംഗ് ഷെഡ്ഡിനു ചുറ്റും ആന പ്രതിരോധ കിടങ്ങ് നിർമ്മിക്കുകയും വേങ്ങാക്കോട് ഭാഗത്തുള്ള ആന പ്രതിരോധ കിടങ്ങിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ നല്ലൂന്നൂർ ഭാഗത്ത് പുതിയ കുളം നിർമ്മിക്കുകയും വട്ടക്കുണ്ട്, ഏലമല, കരിമറ്റം, റബ്ബാനിയ, അരുണഗിരി, കുറിച്ചിയാർമല എന്നിവിടങ്ങളിലെ കുളങ്ങളിൽ നിന്നും ചെളി നീക്കം ചെയ്ത് ആഴം കൂട്ടിയിട്ടുണ്ട്.

കൂടാതെ നാട്ടിലേക്കിറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നത് ദിവസ വേതന വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ബി) കല്പറ്റ മണ്ഡലത്തിൽ കല്പറ്റ റെയിഞ്ചിൽ സുഗന്ധഗിരി സെക്ഷനിൽ തരിയോട് പത്താം മൈൽ ഭാഗത്ത് 3 കി.മീ. മേപ്പാടി റെയിഞ്ചിൽ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ അയനിമറ്റം മുതൽ ഈട്ടികുന്ന് വരെ 2 കി.മീ, വേങ്ങാക്കോട് ആനപ്പാറ ഭാഗത്ത് 2 കി.മീ. എന്നിങ്ങനെ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിംഗ് പ്രവർത്തി തുടങ്ങുന്നതിന് KIIFB രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 12.11.2018-ലെ സർക്കാർ ഉത്തരവ് നം.46/18/വനം പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ